"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി - എസ്റ്റിമേറ്റ് പി.എ.സി. തുകയേക്കാൾ 10% അധികരിച്ച ഏക ടെണ്ടർ അംഗീകരിക്കുന്നതിന് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2026/CSIND തീയതി,തിരുവനന്തപുരം, 14-03-2026

പരാമർശം:-

1. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 06/11/2024 — ലെ W3-1210/CE/IN/2024 നമ്പർ കത്ത്.
2. സർക്കാർ കത്ത് നം. എ2/188/2024/സി.എസ്.ഐ.എൻ.ഡി, തീയതി 30/04/2025.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 13/01/2026 - ലെ CEINKP/755/2025 - W3 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് മുട്ടുകായലിന് സമീപം വെസ്റ്റ്കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിക്ക് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ 152.80 ലക്ഷം രൂപയുടെ ഭരണാനുമതിയും ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ 152.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കിയിരുന്നു. പ്രവൃത്തി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ രണ്ടു പ്രാവശ്യം നെഗോഷ്യേറ്റഡ് ക്വട്ടേഷനും മൂന്ന് പ്രാവശ്യം ഇ-ക്വട്ടേഷൻ നൽകുകയും ചെയ്തിരുന്നെന്നും അതിലും ആരും പങ്കെടുക്കാത്തതിനാൽ റീ ടെണ്ടർ ചെയ്യുകയും ബിഡ് സബ്മിഷന്റെ തീയതി നീട്ടി നൽകുകയും ചെയ്തെന്നും എന്നിട്ടും ആരും പങ്കെടുത്തില്ലെന്നും തുടർന്ന് 08.08.2024 ൽ നടത്തിയ റീ ടെണ്ടറിൽ ഒരാൾ മാത്രമാണ് പങ്കെടുത്തതെന്നും അതിനാൽ ശ്രീ. കൃഷ്ണപ്രണവ് ടി.കെ എന്ന ബിഡ്ഡർ ക്വോട്ട് ചെയ്ത, എസ്റ്റിമേറ്റ് PAC യെക്കാൾ 24.51% അധികമായ ടെണ്ടറിന് അംഗീകാരം നൽകണമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (1) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എല്ലാ എസ്റ്റിമേറ്റ് ഇനങ്ങൾക്കും ഉയർന്ന നിരക്കുകളാണ് ബിഡ്ഡർ ക്വോട്ട് ചെയ്തിട്ടുള്ളതായി കണ്ടതിനാലും പ്രവൃത്തിയ്ക്കായി ക്വോട്ട് ചെയ്ത PAC തുക വളരെ ഉയർന്നതാണെന്ന് വ്യക്തമായതിനാലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PAC തുകയായ 1,29,11,111/- രൂപയേക്കാൾ 24.51% അധികമായി രേഖപ്പെടുത്തിയ ടെണ്ടർ നിരസിക്കുവാനും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാനും പരാമർശം (2) കത്ത് പ്രകാരം ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്ത് 1,52,80,000/- രൂപയുടെ സാങ്കേതികാനുമതി

നൽകി വീണ്ടും ടെൻഡർ ചെയ്തതിൽ നാലാമത്തെ റീ-ടെൻഡറിൽ ശ്രീ.കൃഷ്ണപ്രണവ്. ടി.കെ, തെക്കുട്ട് വീട്, കൊടകര.പി.ഒ എന്ന ബിഡ്ഡർ മാത്രമാണ് പങ്കെടുത്തതെന്നും, എസ്റ്റിമേറ്റ് തുകയെക്കാൾ 12% അധിക തുകയാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ളതെന്നും, അത് എസ്റ്റിമേറ്റ് PAC, Current SOR+10%, LMR PAC എന്നിവയേക്കാൾ അധികരിച്ചതാകയാൽ ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ തലത്തിൽ നെഗോഷിയേഷൻ(Negotiation) നടത്തിയതിനെത്തുടർന്ന് 14233570 രൂപയാക്കി കുറച്ച് നൽകിയിട്ടുണ്ടെന്നും, ഒറിജിനൽ എസ്റ്റിമേറ്റിൽ 10 തവണയും, റീകാസ്റ്റ് എസ്റ്റിമേറ്റിൽ 4 തവണയും ടെണ്ടർ ചെയ്തിട്ടുള്ളതിനാലും, ഇതിലും കുറഞ്ഞ തുകയ്ക്ക് കരാറുകാർ ആരും തന്നെ പങ്കെടുക്കാൻ സാധ്യത ഇല്ലാത്തതിനാലും പ്രവൃത്തിയുടെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് അധിക നിരക്കിലുള്ള ടെണ്ടറിന് അംഗീകാരം നൽകുന്നതിന് അനുമതി നല്കണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (3) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയ്ക്കായി ലഭ്യമായ ശ്രീ. കൃഷ്ണപ്രണവ് റ്റി.കെ , തെക്കുട്ട് വീട്, കൊടകര.പി.ഒ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് PAC-തുകയായ ₹ 1,29,39,709/- നേക്കാൾ 10% അധികനിരക്കിലുള്ള ₹ 1,42,33,570/- (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്) രൂപയുടെ ഏക ടെണ്ടർ അംഗീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ശ്രീവത്സം ബിൽഡിംഗ്, തത്തംപള്ളി പി.ഒ, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ് , ആശ്രാമം പി.ഒ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( E -3421859/I & PW — B3/39/2026- FIN, തീയതി 26/02/2026)
പൊതുഭരണ ( എസ്.സി) വകുപ്പ് ( 13/03/2026- ലെ മന്ത്രിസഭായോഗം തീരുമാനം ഇനം. 3937)
വിവരപൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/36/2026/ സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 14-03-2026 15:47:19
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സി.എസ്.ഐ.എൻ. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 13-03-2026

ഫയൽ നം. എ2/36/2026/സി.എസ്.ഐ.എൻ.ഡി. ഇനം നം: 3937

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിക്കായി ലഭ്യമായ ക്വാട്ട് എസ്റ്റിമേറ്റ് PAC-തുകയായ ₹1,29,39,709/-നേക്കാൾ 10% അധികനിരക്കിലുള്ള ₹1,42,33,570/- (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി എഴുപത്) രൂപയുടെ ഏക ടെണ്ടർ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

3937

**കേരള സർക്കാർ**

***[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]***

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/36/2026/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | : | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയ്ക്കായി ലഭ്യമായ ക്വാട്ട് എസ്റ്റിമേറ്റ് PAC-തുകയായ ₹ 1,29,39,709/- നേക്കാൾ 10% അധികനിരക്കിലുള്ള ₹ 1,42,33,570/- (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്) രൂപയുടെ ഏക ടെണ്ടർ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 11/03/2026 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്, ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജി കുമാർ ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 12/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയ്ക്കായി ലഭ്യമായ എസ്റ്റിമേറ്റ് PAC-തുകയായ ₹ 1,29,39,709/- നേക്കാൾ 10% അധികനിരക്കിലുള്ള ₹ 1,42,33,570/- (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്) രൂപയുടെ ഏക ടെണ്ടർ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തൃശ്ശൂർ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ്കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനായി "Side protection work to West Coast Canal near Meenakadavu Manappad and near Muttukayal in Engandiyor Grama Panchayath" എന്ന പ്രവൃത്തിക്ക് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ 28/02/2023 ൽ 152.80 ലക്ഷം രൂപയുടെ ഭരണാനുമതിയും ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ 23/03/2023 ൽ 152.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കിയിരുന്നു. ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടർ മുഖേന മൂന്ന് പ്രാവശ്യം പ്രവൃത്തി ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ തുടർന്ന് രണ്ടു പ്രാവശ്യം നെഗോഷ്യേറ്റഡ് ക്വട്ടേഷനും മൂന്ന് പ്രാവശ്യം ഇ-

ക്വട്ടേഷൻ നൽകുകയും ചെയ്തിട്ടും ആരും പങ്കെടുത്തില്ലെന്നും റീ ടെണ്ടർ ചെയ്യുകയും ബിഡ് സബ്മിഷന്റെ തീയതി നീട്ടി നൽകുകയും ചെയ്തിട്ടും ആരും തന്നെ പങ്കടുത്തില്ലെന്നും തുടർന്ന് 08.08.2024 ൽ റീ ടെണ്ടർ ചെയ്തപ്പോൾ ശ്രീ. കൃഷ്ണപ്രണവ് ടി.കെ എന്ന ഒരു ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത് എന്നും ടെണ്ടർ 22.08.2024 ൽ തുറന്നപ്പോൾ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് PAC യെക്കാൾ 24.51% അധികമായാണ് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളതെന്നും ആയത് കുറയ്ക്കുവാൻ തയ്യാറല്ലായെന്ന് ടി കരാറുകാരൻ അറിയിച്ചിട്ടുള്ളതിനാൽ 24.51% അധിക നിരക്കിൽ ലഭ്യമായ ടെണ്ടറിന് അംഗീകാരം നൽകണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 06/11/2024 – ലെ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു. എല്ലാ എസ്റ്റിമേറ്റ് ഇനങ്ങൾക്കും ഉയർന്ന നിരക്കുകളാണ് ക്വോട്ട് ചെയ്തിട്ടുള്ളതായി കണ്ടതിനാലും പ്രവൃത്തിയ്ക്കായി ക്വോട്ട് ചെയ്ത PAC തുക വളരെ ഉയർന്നതാണെന്ന് വ്യക്തമായതിനാലും പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് PAC തുകയായ 1,29,11,111/- രൂപയേക്കാൾ 24.51% അധികമായി രേഖപ്പെടുത്തിയ ടെണ്ടർ നിരസിക്കുവാനും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് 30/04/2025 – ലെ എ 2/188/2024/സി.എസ്.ഐ.എൻ.ഡി കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

3. അതിൻപ്രകാരം പ്രവൃത്തി റീ കാസ്റ്റ് ചെയ്ത് 1,52,80,000/- രൂപയുടെ സാങ്കേതികാനുമതി 28/07/2025 ലെ ഉത്തരവ് പ്രകാരം നൽകി പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തതിൽ നാലാമത്തെ റീ-ടെൻഡറിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തെന്നും കരാറുകാരനായ ശ്രീ.കൃഷ്ണപ്രണവ്. ടി.കെ, തെക്കുട്ട് വീട്, കൊടകര.പി.ഒ എസ്റ്റിമേറ്റ് തുകയെക്കാൾ 12% അധിക തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നത് എന്നും അത് എസ്റ്റിമേറ്റ് PAC, Current SOR+10%, LMR PAC എന്നിവയേക്കാൾ അധികരിച്ചതാകയാൽ ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ Negotiation നടത്തിയതിൽ Current SOR+10% നുള്ളിൽ ആയി കരാറുകാരൻ തുക കുറച്ച് നൽകുകയും ചെയ്തതായി ചീഫ് എഞ്ചിനീയർ വീണ്ടും അറിയിക്കുകയുണ്ടായി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് കരാറുകാരനോട് Negotiation ആവശ്യപ്പെട്ടുവെങ്കിലും ടിയാൻ നിരക്ക് കുറയ്ക്കാൻ തയ്യാറായില്ല. ടി പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ 10 തവണ ടെണ്ടർ ചെയ്യുകയും റീകാസ്റ്റ് എസ്റ്റിമേറ്റിൽ 4 തവണ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നും തുടർന്ന് ടെണ്ടർ ചെയ്താലും ഇതിലും കുറഞ്ഞ തുകയ്ക്ക് കരാറുകാർ ആരും തന്നെ പങ്കെടുക്കാൻ സാധ്യത ഇല്ലാത്തതിനാലും പ്രവൃത്തിയുടെ അടിയന്തര സാഹചര്യം കണക്കിലെടുത്തും അധിക നിരക്കിന് അംഗീകാരം നൽകുന്നത് പരിഗണിക്കണമെന്ന് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു.

4. കരാറുകാരൻ ക്വോട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു.

| No. | Bidder | Estimate PAC | LMR PAC | Current SoR+10.00% | Quoted PAC | Negotiated PAC |
|---|---|---|---|---|---|---|
| 1 | Krishnapranav T K | 12939709 | 12479633.20<br>3.56%<<br>EPAC | 14233679<br>10.00%><br>EPAC | 14492386.62<br>12.00%><br>EPAC | 14233570.00 |

നിലവിലുള്ള നിയമ പ്രകാരം EPAC,LMR,Current SOR+10 ഇവയിൽ ഏതാണോ കുറവ് പ്രസ്തുത തുകയ്ക്ക് മാത്രമെ ടെണ്ടർ അംഗീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതിൽ ഏറ്റവും കുറവ് LMR തുകയാണ് (12479633.20). പ്രസ്തുത തുകയ്ക്ക് മാത്രമെ ടെണ്ടർ അംഗീകരിക്കാൻ സാധിക്കുന്നത്

5. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി :

**" Administrative Department is advised as follows,**

The work is tendered 10 times and 3 times after recasting the estimate. No response for all the above calls . A single bidder has quoted in the 4th instance. The Chief Engineer, Inland navigation and Kuttanadu packages reports that the contractor is not willing to reduce his quoted rates on negotiation &Negotiated PAC is ₹ 1,42,33,570/-.

CE has requested to consider the tender in favour of Krishnapranav T K

at his negotiated rate of ₹ 1,42,33,570/- (10% above).

In case the contractor is unwilling to reduce the rates, and AD feels that further tendering may not yield a better response , AD is advised to submit the tender excess proposal of the work "Side protection work to west cost canal near Meenkadavu,Manappad and near Muttukayal in Engandiyoor GP for a quoted PAC of ₹ 1,42,33,570/- which is 10% above estimate PAC of ₹ 1,29,39,709/- to the Council of Ministers for approval ".

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഇക്കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മീൻകടവ് മണപ്പാട് ഭാഗത്ത് വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയ്ക്കായി ലഭ്യമായ ശ്രീ. കൃഷ്ണപ്രണവ് റ്റി.കെ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് PAC-തുകയായ ₹ 1,29,39,709/- നേക്കാൾ 10% അധികനിരക്കിലുള്ള ₹ 1,42,33,570/- (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്) രൂപയുടെ ഏക ടെണ്ടർ അംഗീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകാമോ?